**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1702** **31-08-2022 - ൽ മറുപടിയ്ക്ക്**

**പുനലൂർ എസ്.എൻ. കോളേജിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് കോളേജുകളിൽ നോൺ ടീച്ചിംഗ് സ്റ്റാഫ് മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് നിയമനം നൽകേണ്ടതുണ്ടോ; | (എ) | എയ്ഡഡ് കോളേജുകളിൽ സർവ്വീസിലിരിക്കെ 7.10.2013 ന ശേഷം മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് 17/02/2020 ലെ GO(P)No.10/2020/HEDN നമ്പർ ഉത്തരവ് പ്രകാരം ആശ്രിത നിയമനം നൽകി വരുന്നുണ്ട്. |
| (ബി) | എങ്കിൽ എത്ര കാലത്തിനുള്ളിൽ പ്രസ്തുത നിയമനം നടത്തണമെന്ന് വ്യക്തമാക്കാമോ; | (ബി) | 7/02//2020 ലെ GO(P)No.10/2020/HEDN നമ്പർ ഉത്തരവ് പ്രകാരം ജീവനക്കാരൻ/ജീവനക്കാരി മരണപ്പെട്ടാൽ ആശ്രിത നിയമനത്തിനായുള്ള അപേക്ഷ 2 വർഷത്തിനകം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ആശ്രിതൻ മൈനർ ആണെങ്കിൽ പ്രായപൂർത്തിയായിട്ട് 3 വർഷത്തിനകം അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിയമനം നൽകുന്നതിനായി കാലപരിധി ഒന്നും നിഷ്കർഷിച്ചിട്ടില്ല |
| (സി) | പുനലൂർ എസ്.എൻ. കോളേജ് ലാബ് അസിസ്റ്റൻറ് ആയിരുന്ന സുപ്രിയന്റെ മരണത്തെത്തുടർന്ന് ടിയാന്റെ ഭാര്യക്ക് നിയമനം(ഫയൽ നമ്പർ.ഇ2/24617/2019) നൽകാൻ സർക്കാരിൽ നിന്നും മാനേജർക്ക് നിർദേശം നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ നിയമനം ആയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്;<br><br>ആശ്രിത നിയമനത്തിനുള്ള അപേക്ഷ മാനേജർ മുഖേന നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പുനലൂർ എസ്.എൻ. കോളേജിൽ ലാബ് അസിസ്റ്റന്റായിരിക്കെ മരണമടഞ്ഞ ശ്രീ. സുപ്രിയന്റെ ഭാര്യയായ ശ്രീമതി. ദീപയ്ക്ക് 17/02/2020 ലെ GO(P)No.10/2020/HEDN സർക്കാർ ഉത്തരവ് പ്രകാരം ആശ്രിത നിയമനത്തിനുള്ള അർഹതയുള്ളപക്ഷം ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി അപേക്ഷ ലഭ്യമായാലുടൻ തന്നെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത നിയമനം നൽകുന്നതിന് സഹായകരമായ തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | (സി ) യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ